3. സെമി പെർമനന്റ്/താൽക്കാലിക കെട്ടിടമുള്ളവർക്ക് 10 മാർക്ക്.

4. സ്കൂൾ സ്ഥിരം കെട്ടിടത്തിൽ ക്ലാസ് മുറികൾ മാത്രം മാറ്റി വച്ചവർക്ക് 5 മാർക്ക്.

5. വാടക കെട്ടിടം തയ്യാറാക്കിയവർക്ക് 5 മാർക്ക്.

6. ലാബ്/ലൈബ്രറിക്ക് 5 മാർക്ക് വീതം.

7. കോളേജിനോട് ചേർന്ന് മോഡൽ സ്കൂൾ ആയി എച്ച്. എസ്. എസ് ഉള്ളവർക്ക് 30 മാർക്ക്.

8. കോളേജിനോട് ചേർന്ന് മോഡൽ സ്കൂൾ ആയി എച്ച്. എസ്./ സി. ബി. എസ്. സി./എച്ച്. എസ്. എസ്. ഉള്ള വർക്ക് 25 മാർക്ക് വീതം.

9. മോഡൽ സ്കൂൾ 1 കിലോമീറ്ററിനുള്ളിൽ ഉള്ള വർക്ക് 15 മാർക്ക്.

10. മോഡൽ സ്കൂൾ 3 കിലോമീറ്ററിനുള്ളിൽ ഉള്ളവർക്ക് 5 മാർക്ക്.

11. മോഡൽ സ്കൂൾ 3 കിലോമീറ്ററിനു മുകളിൽ ഉള്ളവർക്ക് മാർക്കില്ല.

12. സ്വന്തമായി 4.25 ഏക്കറോ അതിൽ കൂടുതലോ ഭൂമി ഉള്ളവർക്ക് 10 മാർക്ക്.

13. അതിനുതാഴെ ഭൂമി ഉള്ളവർക്ക് 5 മാർക്ക്.

(ബി) 25 കേസുകളിൽ സർക്കാരിന് നോട്ടീസ് ലഭിച്ചിട്ടുണ്ട്.

(സി) മാനദണ്ഡങ്ങൾ പാലിച്ചിട്ടും കോളേജ് അനുവദിച്ചില്ല, സമിതിയുടെ മൂല്യനിർണ്ണയത്തിൽ പിഴവ് സംഭവിച്ചു, മാനദണ്ഡങ്ങൾ പാലിക്കാത്തവർക്ക് കോളേജ് അനുവദിച്ചു, തെരഞ്ഞെടുപ്പിൽ പക്ഷപാതപരമായി തീരുമാനമെടുത്തു തുടങ്ങിയവയാണ് കേസ് ഫയൽചെയ്തവർ ചൂണ്ടിക്കാണിച്ചിരിക്കുന്നത്.

(ഡി) കേസുകൾ തീർപ്പാക്കപ്പെട്ടിട്ടില്ല.

എൻ.ഒ.സി. നൽകിയിട്ടുള്ള സ്വാശ്രയ ടി.ടി.ഐ.-കൾ

384 [2445] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി ആരംഭിക്കുന്ന സ്വാശ്രയ ടി. ടി. ഐ.-കളിൽ സർക്കാർ എൻ. ഒ. സി. നൽകിയ എത്ര സ്ഥാപനങ്ങൾക്കാണ് എൻ. സി. ടി. ഇ.-യുടെ അംഗീകാരം ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്കും സ്ഥാപനത്തിന്റെ പേരുകളും വ്യക്തമാക്കാമോ;

(സി) എൻ. സി. ടി. ഇ. അംഗീകാരം നൽകുന്നതിന് നിഷ്ക്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 32.

(ബി)

തിരുവനന്തപുരം	..	6
കൊല്ലം	..	2
പത്തനംതിട്ട	..	1
ആലപ്പുഴ	..	2
ഇടുക്കി	..	1
എറണാകുളം	..	1
തൃശ്ശൂർ	..	1
പാലക്കാട്	..	3
മലപ്പുറം	..	5
കോഴിക്കോട്	..	5
വയനാട്	..	2
കണ്ണൂർ	..	3

സ്ഥാപനങ്ങളുടെ പേരുകളടങ്ങിയ ലിസ്റ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.†

(സി) എൻ. ടി. റ്റി. ഇ., റ്റി. റ്റി. ഐ.-കൾക്ക് അംഗീകാരം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ വിവരം അനുബന്ധം ആയി ചേർത്തിട്ടുണ്ട്.†

പ്രൊഫഷണൽ കോളേജ് പ്രവേശനത്തിൽ പിന്നോക്ക വിഭാഗ സംവരണത്തിനുള്ള വരുമാന പരിധി

385 [2446] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളേജുകളിൽ പ്രവേശനത്തിന് സംവരണം ലഭിക്കുന്നതിനുള്ള വരുമാനപരിധി എത്രയാണ്;

(ബി) പ്രസ്തുത സംവരണത്തിന് വരുമാന പരിധി കണക്കാക്കുമ്പോൾ ഏതെല്ലാം ഇനത്തിലുള്ള വരവുകളാണ് കണക്കാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധമായ ഗവൺമെന്റിന്റെ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly